"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കുടുംബശ്രീ- കുടുംബശ്രീയുടെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച 701011400000127-ാം നമ്പർ റ്റി.എസ്.ബി. അക്കൌണ്ട് ക്ലോസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.347/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 09/02/2021

---

പരാമർശം:- 1 08.12.2014-ലെ സ.ഉ.(പി) നം.533/2014/ധന.

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.12.2020-ലെ 5327/എം/2012/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

കുടുംബശ്രീയുടെ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഇടപാടുകൾ നിലവിൽ പി.എഫ്.എം.എസ് മുഖേന മാത്രമേ നടത്താൻ സാധിക്കൂ എന്നതിനാൽ പരാമർശം (1) പ്രകാരം കുടുംബശ്രീയുടെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 19.05.2015-ൽ 701011400000127-ാം നമ്പർ റ്റി.എസ്.ബി. അക്കൌണ്ട് ഇടപാട് രഹിതമായി തുടരുന്നതിനാൽ, ആയത് ക്ലോസ് ചെയ്യുന്നതിന് ഉത്തരവ് ലഭ്യമാക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുബശ്രീയുടെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 08.12.2014-ലെ സ.ഉ(പി) നം.533/2014/ഫിൻ പ്രകാരം 19.05..2015-ൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കുടുംബശ്രീയുടെ പേരിൽ ആരംഭിച്ച 701011400000127-ാം നമ്പർ റ്റി.എസ്.ബി. അക്കൌണ്ട് ക്ലോസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(02.02.2021-ലെ ഡെവ.2/2021/ധന പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി.&എസ്.എസ്.എ), കേരള തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ